**ശ്രദ്ധക്ഷണിക്കൽ**

കനോലി കനാൽ ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ജലത്തിൽ ഏറെ മാലിന്യം നിറഞ്ഞ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന കനോലി കനാലിന്റെ ശുദ്ധീകരണത്തിന്റെ ആവശ്യകതയിലേയ്ക്ക് വിരൽച്ചൂണ്ടിക്കൊണ്ടാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മലബാർ ജില്ലാ കളക്ടർ ആയിരുന്ന എച്ച്.വി. കനോലി 1845-ൽ കോഴിക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ വിശാല ജലഗതാഗതപാത എന്ന ഉദ്ദേശ്യത്തോടുകൂടി പുഴകളെയും ജലാശയങ്ങളെയും കൂട്ടിയിണക്കി തീരദേശ ജലഗതാഗത മാർഗ്ഗത്തിന്റെ രൂപരേഖ മദ്രാസ് ഗവൺമെന്റിന് സമർപ്പിക്കുകയും 1846-ൽ ഇത് അനുവദിച്ച് മദ്രാസ് ഗവൺമെന്റ് ഉത്തരവാക്കുകയും ചെയ്തു. 1850-ൽ മൂന്ന് വർഷംകൊണ്ട് അതിന്റെ പണി പൂർത്തിയായി. വെസ്റ്റ് കോസ്റ്റ് കനാൽ എന്ന ഈ പാത ജില്ലാ കളക്ടറായിരുന്ന കനോലിയുടെ നിര്യാണത്തിനുശേഷം കനോലി കനാലായി അറിയപ്പെട്ടു. എലത്തൂർ, ബേപ്പൂർ, കല്ലായി പുഴകളെ ബന്ധിപ്പിച്ച് ഒന്നാംഘട്ടവും തുടർന്ന് കടലുണ്ടി, പൂരപ്പുഴ, തിരൂർ, പൊന്നാനി, ചാവക്കാട്, കൊടുങ്ങല്ലൂർ വരെയുള്ള എല്ലാ പുഴകളെയും ബന്ധിപ്പിച്ച് കനോലി കനാൽ

യഥാർത്ഥ്യമാക്കി. മലബാറിന്റെ തീരദേശത്തെ ജലസ്രോതസ്സും വാണിജ്യ പ്രാധാന്യമുള്ള ജലഗതാഗത മാർഗ്ഗവുമായി അത് മാറി. ഭാരതപ്പുഴയ്ക്ക് കുറുകെ കുറ്റിപ്പുറം പാലം വന്നതിനുശേഷം കോഴിക്കോട് മുതൽ കൊച്ചി വരെ പുതിയ റോഡ് വരികയും കരമാർഗ്ഗം വികസിക്കുകയും ചെയ്തതോടുകൂടി നദികളുടെ നീളം ഒഴിവാക്കി 111 കി.മീ. നീളമുള്ള കേരളത്തിലെ ഏറ്റവും വലിയ മനുഷ്യനിർമ്മിതമായ ജലപാത, ഗതാഗതവും നീരൊഴുക്കും നിലച്ച് നിശ്ചലമായ അവസ്ഥയിൽ എത്തിയിരിക്കുകയാണ്. കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം ജില്ലകളെ ബന്ധിപ്പിച്ചിരുന്നതും നിരവധി പായ്‌വഞ്ചികൾ ഒരേ സമയം കടന്നുപോയിക്കൊണ്ടിരുന്നതുമായ കനോലി കനാൽ കയ്യേറ്റങ്ങളെത്തുടർന്ന് ഇന്ന് നാശമായിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ 60 മീറ്റർ വരെ വീതിയുണ്ടായിരുന്ന ഈ കനാലിന്റെ വീതി ശോഷിച്ചിരിക്കുകയാണ്. കനോലി കനാലിന്റെ തീരങ്ങളിലെ വീടുകളിൽനിന്നും വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽനിന്നും നേരിട്ട് മാലിന്യം ഈ കനാലിലേക്ക് ഒഴുക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഈ പ്രദേശത്തെ ഏറ്റവും വലിയ മാലിന്യ നിർമ്മാർജ്ജന കേന്ദ്രമായി മാറിയ കനോലി കനാലിലെ മാരക വിഷാംശമുള്ള മാലിന്യങ്ങൾ സമീപത്തുള്ള മുഴുവൻ ജലസ്രോതസ്സുകളിലേയ്ക്കും പടർന്നിരിക്കുകയാണ്. കഴിഞ്ഞ

തുലാവർഷത്തിന് ശേഷം ആ ഭാഗങ്ങളിൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പഠനം നടത്തുകയുണ്ടായി. വാട്ടർ ക്വാളിറ്റി സർവ്വേയും വയർലെസ് സെൻസർ ടെക്നോളജി ഉപയോഗിച്ച് അടിസ്ഥാന റോബട്ടിക് സർവ്വേയും നടത്തി ആറായിരം സാമ്പിളുകൾ ശേഖരിക്കുകയും ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് ഒരു മാപ്പ് തയ്യാറാക്കുകയും ചെയ്തു. ഡബ്ല്യു.എച്ച്.ഒ. സ്റ്റാന്റേർഡ് പ്രകാരം അനുവദനീയമായതിൽ എത്രയോ ഇരട്ടി മാലിന്യമാണ് ഇന്ന് കനോലി കനാലിൽ അടിഞ്ഞുകൂടിയിരിക്കുന്നത്. ചാവക്കാട്, പൊന്നാനി, താനൂർ നഗരസഭകളിൽ നിന്നാണ് സാമ്പിളുകൾ എടുത്തിട്ടുള്ളത്. അവിടെ Total Dissolving Solid (TDS)-ന്റെ അളവ് 2000 mg, TSS-ന്റെ അളവ് 500 mg, Biological Oxygen Demand (BOD) 745 per gram, Chemical Oxygen Demand (COD) 140 mg, Dissolved Oxygen 4 mg തുടങ്ങി ജലത്തിൽ എത്രകണ്ട് മാലിന്യം ഉണ്ടാകാമോ അതിൽ എത്രയോ ഇരട്ടിയായി മാറിയിരിക്കുകയാണ്. ഇപ്രകാരം കനോലി കനാലിന്റെ ഉപരിതലത്തിൽ അടിഞ്ഞുകിടക്കുന്ന മാലിന്യം നീക്കം ചെയ്ത് ജനങ്ങൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ മാലിന്യ പ്രശ്നം പരിഹരിക്കണം. ക്യാൻസർ, കിഡ്നി തുടങ്ങിയ മാരകമായ പകർച്ചവ്യാധികൾ അടക്കമുള്ള പല

രോഗങ്ങൾ ഇന്ന് ഇതിന്റെ തീരത്ത് സാധാരണമാണ്. അതോടൊപ്പംതന്നെ കനോലി കനാലിന്റെ കയ്യേറ്റം ഒഴിപ്പിച്ച് വീതികൂട്ടി മാലിന്യമുക്തമാക്കി 1993-ൽ കേന്ദ്ര സർക്കാർ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള ഈ പാതയെ യാഥാർത്ഥ്യമാക്കി ശുദ്ധജല ലഭ്യതയും കാർഷിക അഭിവൃദ്ധിയും ടൂറിസവും വികസിക്കുന്ന രീതിയിൽ മാറ്റാനുള്ള നടപടികൾ ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തൃശ്ശൂർ ജില്ലയിലെ കാക്കത്തുരുത്ത് മുതൽ കോഴിക്കോട് ജില്ലയിലെ പയ്യോളി വരെ നീണ്ടുകിടക്കുന്ന കനോലി കനാലിന്റെ അധികഭാഗവും ദേശീയ ജലപാത-3 -ന്റെ ഭാഗമാണ്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലാണ് നിർവ്വഹിക്കുന്നത്. വിശദമായ പഠനവും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി വരുന്നു. കനോലി കനാൽ മലിനമാകുന്നതിന്റെ പ്രധാന കാരണം നഗരമാലിന്യങ്ങൾ ഓടകൾവഴി കനാലിൽ എത്തിച്ചേരുന്നതാണ്. വാണിജ്യസ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഖര, ദ്രവ, മാലിന്യങ്ങൾ ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, വികേന്ദ്രീകൃത മാലിന്യ

സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, ചാലുകൾ കനാലിലേയ്ക്ക് ചേരുന്ന ഭാഗങ്ങളിൽ ബാർ സ്ക്രീൻ, ഇന്റർസെപ്റ്ററുകൾ എന്നിവ ഏർപ്പെടുത്തുക, കനാൽ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക, കനാലിന് ഇരുവശവും വെർട്ടിക്കൽ സ്ക്രീൻ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന മലിനീകരണ നിയന്ത്രണ നിർദ്ദേശങ്ങൾ. ഇവ ഉൾപ്പെടുത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. വാണിജ്യസമുച്ചയങ്ങൾ, റസ്റ്റോറന്റുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം പബ്ലിക് ഡ്രെയിനേജുകളിലൂടെ കനാലിലേയ്ക്ക് എത്തിച്ചേരുന്നത് തടയാൻ സമീപ പ്രദേശങ്ങളിലെ എല്ലാ സ്ഥാപനങ്ങൾക്കും പ്രാഥമിക വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം ഏർപ്പെടുത്താൻ കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ശ്രീ. വി. എസ്. ശിവകുമാർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)